(ബി) കർഷകരുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം, ചികിത്സാ സഹായം, വിവാഹ സഹായം എന്നിവ കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളോ, പരിപാടികളോ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇപ്പോൾ പെൻഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ പദ്ധതികളൊന്നും ഇല്ല. എന്നാൽ കർഷകരുടെ മക്കൾക്ക് എസ്.എസ്.എൽ.സി., റ്റി.എച്ച്.എസ്.എൽ.സി. പരീക്ഷകളിൽ ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് സർക്കാർ 1998-99 മുതൽ അവാർഡു നൽകി വരുന്നു. 2 ഹെക്ടർ വരെ കൃഷി ഭൂമി ഉള്ളവരും കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരുമായ കർഷകരുടെ മക്കളാണ് പ്രസ്തുത അവാർഡിന് അനുയോജ്യർ. സംസ്ഥാന തലത്തിൽ 25,000 രൂപയും ജില്ലാതലത്തിൽ 10,000 രൂപയുമാണ് അവാർഡ് തുക. ഇതിനും പുറമേ, ഉന്നത വിദ്യാഭ്യാസത്തിന് 4 ലക്ഷം രൂപ വരെ കുട്ടികൾക്ക് ലോൺ കൊടുക്കുന്ന നടപടികളും ബാങ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പുതിയ കൃഷിഭവനുകളും മൃഗാശുപത്രികളും

64 [1003] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര മൃഗാശുപത്രികളാണ് ആരംഭിക്കുന്നത് ; എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പഞ്ചായത്തുകളുടെ വിഭജനത്തിനുശേഷം പുതുതായി രൂപീകരിച്ച പഞ്ചായത്തുകളിൽ കൃഷിഭവനുകൾ ആരംഭിക്കുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി 23 മൃഗാശുപത്രികളാണ് ആരംഭിക്കുന്നത്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

കൊല്ലം ജില്ല	1. കൊറ്റങ്കര
	2. പനയം
ആലപ്പുഴ	3. അമ്പലപ്പുഴ
	4. പുന്നപ്ര നോർത്ത്
കോട്ടയം	5. വിജയപുരം
കോഴിക്കോട്	6. പെരുവണ്ണ
മലപ്പുറം	7. ചുങ്കത്തറ
	8. കണ്ണമംഗലം
	9. നിറവത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

	10.	പെരുമണ്ണാക്കളാരി
	11.	മംഗലം
	12.	എടയൂർ
	13.	കരുവ
	14.	പൂക്കോട്ടൂർ
	15.	പൊൻമല
	16.	എടപ്പാൾ
കണ്ണൂർ	17.	വളപട്ടണം
	18.	ചെറുപുഴ
	19.	പടിയൂർ
വയനാട്	20.	മുപ്പൈനാട്
	21.	പനമരം
കാസറഗോഡ്	22.	ബഡിയടുക്ക
ഇടുക്കി	23.	വട്ടവട.

(ബി) പുതുതായി രൂപീകരിച്ച പഞ്ചായത്തുകളിൽ കൃഷിഭവനുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് 5-12-2005-ലെ ജി. ഒ. (എം.എസ്) 160/2005/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പശുക്കൾക്കുള്ള തീറ്റയിൽ കീടനാശിനിയുടെ അംശം

65 [1004] ശ്രീ. ബി. വിജയകുമാർ :
„ എം. കെ. പോൾസൺ മാസ്റ്റർ :
„ ടി. യു. രാധാകൃഷ്ണൻ :
„ കെ. അച്ചുതൻ:
„ വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പശുക്കൾക്ക് കീടനാശിനി ചേർന്ന തീറ്റ നൽകുന്നതു കൊണ്ട് അവയുടെ പാലിലും ഇറച്ചിയിലും ഉയർന്ന തോതിൽ കീടനാശിനിജന്യ വിഷാംശം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) ഇല്ല. പാലിലും ഇറച്ചിയിലും കീടനാശിനി തുടങ്ങിയ വിഷാംശങ്ങൾ കലർന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമല്ല. എന്നാൽ എറണാകുളത്ത് പ്രവർത്തിച്ചുവരുന്ന ലൈവ് സ്റ്റോക്ക് ആന്റ് മൈൻ പ്രോഡക്ട് ഇൻസ്പെക്ഷൻ കം സർട്ടിഫിക്കേഷൻ ലബോറട്ടറിയിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ ആധുനിക സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗതിച്ചുവരുന്നു. ടി ലബോറട്ടറി പ്രവർത്തനം ആരംഭിച്ചാൽ തീറ്റയിൽ കീടനാശിനിയുടെ അംശം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly